പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6098

02.04.2018 - ൽ മറുപടിക്ക്.

# ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ

ചോദ്യം

ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. കെ. രാജൻ
ശ്രീ. വി. ആർ. സുനിൽകുമാർ

മറുപടി

ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്ത് വ്യവസായം സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാകുന്നില്ല എന്നത് വ്യവസായ വികസനത്തിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) വ്യവസായ വികസനത്തിനുള്ള ഭൂമി ലഭ്യതകുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(സി) ഗ്രാമീണമേഖലയിലുൾപ്പെടെ വ്യവസായ വികസനം ലക്ഷ്യമിട്ട് ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ; വ്യക്തമാക്കുമോ ;

(എ) : (എ), (ബി) & (സി) :

സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാകുന്നില്ല എന്നത് വ്യവസായ വികസനത്തിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നില്ല, കാരണം സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് വ്യവസായ സംരംഭകർക്ക് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എട്ട് ബഹുനില വ്യവസായ സമുച്ചങ്ങളാണ് നിർമ്മിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ പുഴയ്ക്കൽപ്പാടത്ത് 1,00,000 ചതുരശ്രയടി വിസ്തീർണമുള്ള ബഹുനില വ്യവസായ സമുച്ചയത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ 23,392 ചതുരശ്രയടി വിസ്തീർണമുള്ള സമുച്ചയത്തിന്റെ പണിയും നടക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ, തൃശ്ശൂർ ജില്ലയിലെ വരവൂർ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. കൊച്ചുവേളി-തിരുവനന്തപുരം, പുന്നപ്ര-ആലപ്പുഴ, പുതുശ്ശേരി, ഷൊർണ്ണൂർ-പാലക്കാട് എന്നിവിടങ്ങളിൽ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമാണത്തിനുള്ള പ്രാരംഭ ജോലികളും നടന്നു വരുന്നു. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതിയും നിലവിലുണ്ട്.

(ഡി) ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് ആർക്കൊക്കെയാണ് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവ തുടങ്ങുന്നതിനുള്ള നിബന്ധനകൾ അറിയിക്കുമോ;

(എഫ്) പ്രസ്തുത എസ്റ്റേറ്റുകളുടെ വികസനത്തിൽ സർക്കാരിന്റെ പങ്ക് വ്യക്തമാക്കുമോ ?

<u>(ഡി), (ഇ) & (എഫ്)</u> :

കുറഞ്ഞത് 50 ഏക്കർ ഭൂമി സ്വന്തമായുള്ള സംരംഭകർക്കാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. പ്രസ്തുത എസ്റ്റേറ്റുകൾ വ്യവസായ വികസന ഏരിയയായി പ്രഖ്യാപിച്ച് നിയമപരമായ ആനുകൂല്യങ്ങൾ നൽകുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ.